**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 940** **09-10-2024 - ൽ മറുപടിയ്ക്ക്**

**വനം വികസന കോർപ്പറേഷനിൽ പ്രത്യേക വിജിലൻസ് സെൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഗവിയിലെ എണ്ണൂറ് ഹെക്ടർ വനഭൂമിയുടെ പരിപാലനച്ചുമതല വിദേശ കമ്പനിയെ ഏൽപ്പിക്കുവാൻ നീക്കം നടത്തിയത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസി അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വനം വിജിലൻസ് വിങ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിശോധനയിൽ ആണ് . |
| (ബി) | കേരള വനം വികസന കോർപ്പറേഷനിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് പ്രത്യേക വിജിലൻസ് സെൽ രൂപവൽക്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | 11/06/1997 -ലെ ജി.ഒ.(പി).നം.34/97/വിജി നമ്പർ ഉത്തരവിൻ പ്രകാരം, 1988-ലെ അഴിമതി നിരോധന നിയമത്തിൽ നിർവചിച്ചിട്ടുള്ള 'criminal misconduct' ഒഴിച്ച വകുപ്പിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ആഭ്യന്തര വിജിലൻസ് സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഒരു വകുപ്പിലെ ഇന്റേണൽ വിജിലൻസ് സംവിധാനം മുഖാന്തിരം മറ്റൊരു സ്ഥാപനത്തിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തുവാൻ അധികാരപ്പെടുത്തുന്ന വ്യവസ്ഥകളൊന്നും 11/06/1997 -ലെ ജി.ഒ.(പി).നം.34/97/വിജി നമ്പർ ഉത്തരവിൻ ഏർപ്പെടുത്തിയിട്ടില്ല.<br><br>മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷനിൽ വിജിലൻസ് സെൽ രൂപീകരിക്കാവുന്നതാണെന്നു വിജിലൻസ് വകുപ്പ് അറിയിച്ചിരുന്നു. മേൽ ഉത്തരവിൻ പ്രകാരം കേരള വനം വികസന കോർപ്പറേഷനിൽ വിജിലൻസ് സെൽ രൂപീകരിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കെ എഫ് ഡി സി ഉദ്യോഗസ്ഥരെ മാത്രം ഉൾപ്പെടുത്തി ഇന്റേണൽ വിജിലൻസ് രൂപീകരിക്കു ന്നത് ഫലപ്രദമാകണമെന്നില്ല എന്നതിനാൽ, സ.ഉ.(കൈ)നം. 35/2024/വനം തീയതി 29.08.2024 പ്രകാരം, 1988-ലെ അഴിമതി നിരോധന |

| | | | |
|---|---|---|---|
| | | | നിയമത്തിൽ നിർവചിച്ചിട്ടുള്ള 'criminal misconduct' ഒഴിച്ചു കെ എഫ് ഡി സി യിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനു വനം വന്യജീവി വകുപ്പിലെ ജോയിന്റ് സെക്രട്ടറി കൺവീനർ ആയും, വനം വന്യജീവി വകുപ്പിലെ ഒരു ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് , കെ എഫ് ഡി സി യിലെ ഒരു ഉദ്യോഗസ്ഥൻ എന്നിവർ അംഗങ്ങളായും ഒരു ഇന്റേണൽ വിജിലൻസ് സെൽ രൂപീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് . |
| (സി) | കെ.എഫ്.ഡി.സി.-യിലെ ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തേണ്ടത് വനം വിജിലൻസാണെന്ന 1978-ലെ സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രത്യേക സെൽ രൂപീകരിച്ചത് അന്വേഷണത്തെ അട്ടിമറിക്കാനാണെന്ന് ആരോപണം ഉയർന്നിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നടപടി റദ്ദാക്കുമോ; വിശദാംശം നൽകുമോ? | (സി) | 11/06/1997 -ലെ ജി.ഒ.(പി).നം.34/97/വിജി നമ്പർ ഉത്തരവിൻ പ്രകാരം, എല്ലാ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ആഭ്യന്തര വിജിലൻസ് സെല്ലുകൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ടി. വിഷയം പരിശോധിച്ചതിന്റെ അടിസ്ഥനത്തിലാണ് സ.ഉ.(കൈ)നം. 35/2024/വനം തീയതി 29.08.2024 പ്രകാരം കെ.എഫ്.ഡി.സി.യിൽ ഇന്റേണൽ വിജിലൻസ് സെൽ രൂപീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ